# റാം...റാം

## (രാമായണം കഥ, ഒരു കാവ്യ വീക്ഷണം)

**സുധീർ പണിക്കവീട്ടിൽ**

രാമനെ തീർത്തത് ദൈവമാണെങ്കിൽ
ദൈവത്തിനോടൊരു ചോദ്യം
രാമനെ തീർത്തത് ഹിന്ദുക്കളാണെങ്കിൽ
ഹിന്ദുക്കളോടൊരു ചോദ്യം.
കോസല രാജകുമാരനാം രാമൻെറ
ജന്മം കൊണ്ടെന്ത് നാം നേടി
ത്രൈമ്പകം വില്ലു പൊട്ടിച്ചു കൊണ്ടാരു
പെണ്ണിനെ വേട്ടുവീ രാമൻ
രണ്ടാം കുടി തള്ള കയ്യിലെടുത്തൊരു
തന്ത കൽപ്പിച്ച തീട്ടൂരം
അച്ഛൻെറ ആജ്ഞയെ പാലിക്കയാണെന്ന്
ബോധിപ്പിക്കുവാനായി കേട്ടു
അന്നും കരഞ്ഞ് പറഞ്ഞു പ്രജകളി-
കൽപ്പന അന്യായമാണു്
ഭോഗാന്ധനായ നരേന്ദ്രനെ കൈകേയി
തന്ത്രത്തിൽ പറ്റിച്ചതാണു
കേട്ടില്ലതൊന്നുമേ രാമൻ
അവനച്ഛൻെറ വാക്കുകൾ മുഖ്യം
കാട്ടിലേക്കൊപ്പം പുറപ്പെട്ടിറങ്ങിയ
പത്നിയെ പേടിച്ച രാമൻ
കൂടെപുറപ്പെട്ട ലക്ഷമണനോടും
തടസ്സം പറയാത്ത രാമൻ
തന്നെ മോഹിച്ചടുത്തെത്തിയ പെണ്ണിനെ
കൂട്ടികൊടുത്തവൻ രാമൻ
അനുവദിച്ചനിയനെ അവളുടെ മൂക്കും
മുലയുമറുക്കുവൻ രാമൻ
നോവിച്ച് മാനം കെടുത്തിയാ പെണ്ണിൻെറ
ആങ്ങള കോപിഷ്ഠനായി
രാമൻെറ ഭാര്യയെ മോഷ്ടിച്ച്കൊണ്ടവൻ
ലങ്കയിലേക്ക് പറന്നു
അന്യൻെറ ഭാര്യയെ മോഷ്ടിച്ചെടുത്തത്
തെറ്റെന്ന് ചൊല്ലും ജനങ്ങൾ
പറയുന്നു പെങ്ങൾ തൻ മെക്കട്ട് കേറിയാൽ
ശിക്ഷക്കിളവില്ലയൊട്ടും.
വ്രുക്ഷ പിറകിൽ മറഞ്ഞു രാമൻ
ബാലിയെ അമ്പെയ്ത് കൊന്നു

കാട്ടിലെ വാനരന്മാരെ
സ്വന്തം കാര്യത്തിനായി ഒരുക്കി
ചെയ്ത കുറ്റത്തിനു മാപ്പ്
ലങ്കയിൽ ചെന്ന് പറയാൻ
വയ്യാഞ്ഞു രാമൻ അനേകം
ജീവൻ കുരുതി കൊടുത്തു
തീയ്യിൽ കുളിച്ച് തെളീച്ചു സീത
ദേഹ പരിശുദ്ധി പക്ഷെ
മണ്ണാൻെറ വാക്കുകൾ കേട്ടു
രാമൻ സീതയെ കാട്ടിൽ തള്ളി
ശംമ്പുകനെന്ന ശൂദ്രൻെറ
തലയുമറുത്ത് ശ്രീ രാമൻ
എല്ലാം പ്രജകൾക്ക് വേണ്ടി
എന്നൊരു പേരും പരത്തി
പിന്നിട്ടതിൽ പിന്നെ- ഇപ്പോൾ
ഒന്നല്ല രണ്ടു യുഗങ്ങൾ
എന്നിട്ടും ആ പേരു ചൊല്ലി
പാവം ജനങ്ങൾ മരിപ്പൂ
ദൗത്യങ്ങളോരോന്നും രാമൻ
സ്വന്തം പെരുമക്ക് ചെയ്തവയല്ലേ
അത്കൊണ്ട് പാവം ജനങ്ങൾ
ഇന്ത്യയിൽ നേടിയതെന്ത്?
ഉത്തരമുണ്ടോ പറയൂ, രാമൻ
പ്രജകൾക്ക് ചെയ്തവയെന്തു?
ദൈവത്തിനോടില്ല ചോദ്യം.
എന്നാണു ഉത്തരമെങ്കിൽ
സുധീർ പറയുന്നതൊന്നു
ഇനിയും വീഴട്ടെ ശവങ്ങൾ !!